പൊതു പണിമുടക്കിനു ആഹ്വാനം ചെയ്തിരുന്നതുകൊണ്ട് ആ പണിമുടക്കിനു കൊഴുപ്പുകൂട്ടാൻവേണ്ടി മന:പൂർവ്വം എൻ. ജി. ഒ. മാരുടെ കൂട്ട കാഷ്വൽലീവു 13–ാം തീയതി നീട്ടിവെച്ചതാണെന്നു ഒരു കൊച്ചുകുട്ടിക്കു പോലും അറിയാവുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: 13–ാം തീയതി മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുകാർ പൊതുപണിമുടക്കിനു ആഹ്വാനം ചെയ്യുന്നതിനു മുമ്പാണ് എൻ. ജി. ഒ. മാർ കൂട്ടകാഷ്വൽ ലീവെടുക്കാൻ പോകുന്നുവെന്നുള്ള വാർത്ത പത്രത്തിൽ വന്നിട്ടുള്ളത് എന്നറിയാമോ?

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ചോദ്യോത്തര സമയം അവസാനിച്ചു.

WRITTEN ANSWER

ഇലക്ട്രിസിറ്റി ബോർഡിലെ സി. എൽ. ആർ., എൻ. എം. ആർ തൊഴിലാളികളുടെ നിയമനം

* 152 (534) ശ്രീ. വി. കൃഷ്ണദാസ്:
,, വി. ശ്രീധരൻ:
,, എ. എസ്. എൻ. നമ്പീശൻ:
,, ഇ. വി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റിബോർഡിൽ സി. എൽ. ആർ., എൻ. എം. ആർ. തൊഴിലാളികളുടെ നിയമനങ്ങളിൽ ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടി ഇടപെടുന്നതും സ്വാധീനം ചെലുത്തുന്നതുമായി വല്ല പരാതികളും ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഇലക്ട്രിസിറ്റി ബോർഡു കഴിഞ്ഞ 30 മാസത്തിനിടയ്ക്ക് എത്ര സി. എൽ. ആർ., എൻ. എം. ആർ. തൊഴിലാളികളെ നിയമിച്ചു;

(സി) ജില്ലാതിരിച്ചുള്ള കണക്ക് എന്താണ്?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ:)

(എ) ഇല്ല.

(ബി) കഴിഞ്ഞ 30 മാസത്തിനിടയ്ക്ക് ഗ്രാമവൈദ്യുതീകരണ തീവ്രപരിപാടികൾക്കായി 3024 എൻ. എം. ആർ. തൊഴിലാളികളെ നിയമിച്ചിട്ടുണ്ട്.

(സി) നിയമനങ്ങളുടെ ജില്ലാതിരച്ചുള്ള കണക്ക് താഴെ കാണും പ്രകാരമാണ്.

1.	തിരുവനന്തപുരം	652
2.	കൊല്ലം	491
3.	ആലപ്പുഴ	423
4.	കോട്ടയം	220
5.	എറണാകുളം	263
6.	തൃശ്ശൂർ	204
7.	പാലക്കാട്	255
8.	മലപ്പുറം	50
9.	കോഴിക്കോട്	229
10.	കണ്ണൂർ	237
	ആകെ.	3024

LIBRARY ARCHIVES Kerala Legislative Assembly